**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6229** **10-07-2024 - ൽ മറുപടിയ്ക്ക്**

**വനം വകുപ്പിലെ സ്പെഷ്യൽ റിക്രൂട്ട്മെന്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരമേറ്റതിന് ശേഷം വനം വകുപ്പിൽ സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന എസ്.സി./ എസ്.ടി. വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് നിയമനം നൽകിയിട്ടുണ്ട്; ആയതിന്റെ തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ; | (എ) | എസ്.ടി. വിഭാഗത്തിൽപ്പെട്ടവർക്ക് സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നൽകുന്നതിനായി 12.02.2021 തീയതിയിലെ സ.ഉ.(കൈ) നം.3/2021/ വനം പ്രകാരം സൃഷ്ടിച്ച 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തികകളിലേക്ക് നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിയമനം നൽകിയിട്ടുണ്ട്. കൂടാതെ, സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്തുന്നതിനായി 15.05.2013 തീയതിയിലെ സ.ഉ. (കൈ) നം. 53/2013/വനം പ്രകാരം സൃഷ്ടിച്ച 700 ഫോറസ്റ്റ് വാച്ചർ തസ്തികകളിൽ, നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉണ്ടായ 12 ഒഴിവുകളിലേയ്ക്ക് 12 പേർക്കും നിയമനം നൽകിയിട്ടുണ്ട്. |
| (ബി) | സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്തുന്നതിനായി ഒഴിവുകൾ കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ തസ്തിക തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ? | (ബി) | സ്പെഷ്യൽ റിക്രൂട്ട്മെന്റ് മുഖേന നിയമനം നടത്തുന്നതിനായി 15.05.2013 തീയതിയിലെ സ.ഉ. (കൈ) നം. 53/2013/വനം പ്രകാരം സൃഷ്ടിച്ച 700 ഫോറസ്റ്റ് വാച്ചർ തസ്തികകളിൽ, നിലവിൽ 23 ഒഴിവുകൾ കണക്കാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ